## കെ.കെ. ആന്റണി മാസ്റ്ററുടെ സംഗീത ജീവിതത്തിലൂടെ....



### ശോശന്ന പൂക്കൾ

രചന: ഫാ. ആബേൽ    ആലാപനം: കെ.ജെ. യേശുദാസ്

**സംഗീതം : കെ.കെ. ആന്റണിമാസ്റ്റർ**

- പരിശുദ്ധാത്മാവേ നീയെഴുന്നള്ളി....
- ~~രാജക്കന്മാരുടെ രാജാവേ....~~
- ഈശ്വരനെത്തേടി ഞാനലഞ്ഞു....
- ദൈവമേ നിൻഗേഹമെത്ര മോഹനം ....
- നട്ടുച്ചനേരത്ത് കിണറിന്റെ....
- മഹേശ്വരാ നിൻ സുദിനം കാണാൻ....
- മനുഷ്യാ നീ മണ്ണാകുന്നു....
- എഴുന്നള്ളുന്നു രാജാവെഴുന്നള്ളുന്നു....
- പുൽക്കൂട്ടിൽ വാഴുന്ന പൊന്നുണ്ണി....
- ഭാരതം കതിരു കണ്ടു....

### സ്നേഹധാര

രചന: ജോസഫ് മനയ്ക്കൽ    ആലാപനം: യേശുദാസ്, സുജാത

**സംഗീതം : കെ.കെ. ആന്റണിമാസ്റ്റർ**

- മാലാഖ വൃന്ദം....
- അനുഗ്രഹ പൂമഴ പൊഴിയൂ....
- നിറയും സ്നേഹത്തിൽ കുരിശിലേറി....
- കന്യാസുതനേ....
- കുരിശിലന്നൊരുനാൾ കൈകൾ വിരിച്ച്....
- പരമപിതാവേ....
- വചനം തിരുവചനം....



### ക്രിസ്മസ് ഗാനങ്ങൾ

രചന: ഫാ. ആബേൽ    ആലാപനം : വില്യംസ്, ടെൽമ, ജോളി എബ്രാഹം...

**സംഗീതം : കെ.കെ. ആന്റണിമാസ്റ്റർ**

- ഉണ്ണി പിറന്നു ബസ്ലഹമിൽ....
- സർവ്വേശ പുത്രൻ....
- ദൈവപുത്രൻ....
- പുലരി....

### സീറോ മലബാർ കുർബ്ബാന ക്രമം

രചന : ഫാ. ആബേൽ    **സംഗീതം : കെ.കെ. ആന്റണിമാസ്റ്റർ**

- ദൈവകുമാരൻ കാൽവരിക്കുന്നിൽ....
- സുവിശേഷ വെളിച്ചത്താൽ....
- വിണ്ണിൽ നിന്നും സമാഗതമായൊരു....
- സ്നേഹത്തിൻ മലരുകൾ തേടി....
- മോദം കലർന്നു നിന്നെയുൾക്കൊണ്ട....
- വന്ദനം ബലിപീഠമേ....

യാമപ്രാർത്ഥനകൾ (ആൽബം)
ആഘോഷമായ കൂർബ്ബാന ക്രമം (ആൽബം)
റാസ (ആൽബം)
മരിച്ചവരുടെ കുർബ്ബാന (ആൽബം)
വിശുദ്ധവാര കർമ്മങ്ങൾ (ആൽബം)
തിരുന്നാൾ കർമ്മങ്ങൾ (ആൽബം)
മതപഠനം (ആൽബം)
കരിസ്മാറ്റിക് ഗാനങ്ങൾ (ആൽബം)
കരയുന്ന ദൈവം (ആൽബം)
വിവാഹ സമ്മാനം (ആൽബം)
ലൈഫ് ഓഫ് ക്രൈസ്റ്റ് Vol.I & Vol. II (ആൽബം)






BLM Offset, Aloor - 2720604



# സംഗീതാചാര്യൻ
# ശ്രീ. കെ.കെ. ആന്റണി മാസ്റ്റർ
(കാനംകുടം അന്തോണി ഭാഗവതർ)
# അനുസ്മരണം

2012 ജൂലൈ 21 ശനിയാഴ്ച വൈകീട്ട് 5 മണിക്ക്



**ക്രിസ്റ്റ്യൻ മ്യൂസിക്കോളജിക്കൽ സൊസൈറ്റി ഓഫ് ഇന്ത്യയുടെയും
കൊച്ചിൻ കലാഭവന്റെയും
തൃശൂർ ചേതന മ്യൂസിക് കോളേജിന്റെയും
വെളയനാട് സെന്റ് മേരീസ് ഇടവകയുടെയും
സംയുക്താഭിമുഖ്യത്തിൽ**

**വെളയനാട് സെന്റ് മേരീസ് ദേവാലയാങ്കണത്തിൽ**



പ്രിയപ്പെട്ടവരേ,

'പരിശുദ്ധാത്മാവേ നീയെഴുന്നള്ളി.....', 'നട്ടുച്ച നേരത്ത്....', 'മനുഷ്യാ നീ മണ്ണാകുന്നു...', 'ഈശ്വരനെത്തേടി....', 'ദൈവമേ നിൻഗേഹമെത്ര...', 'ഭാരതം കതിരുകണ്ടു...', 'സുവിശേഷ വെളിച്ചത്താൽ...', 'ദൈവകുമാരൻ കാൽവരിക്കുന്നിൽ...' തുടങ്ങിയ ഗാനങ്ങൾക്ക് ഈണം നൽകിയ സംഗീത പ്രതിഭയെ അറിയുമോ? കെ.കെ. ആന്റണി മാസ്റ്റർ എന്ന് സഹപ്രവർത്തകരുടെയും ശിഷ്യന്മാരുടെയുമിടയിൽ അറിയപ്പെടുന്ന വെളയനാട്ടുകാരുടെ അന്തോണി ഭാഗവതർ! സീറോ മലബാർ കുർബ്ബാന സുറിയാനിയിൽനിന്ന് തദ്ദേശീയ ഭാഷയിലേയ്ക്ക് വിവർത്തനം ചെയ്യപ്പെട്ടപ്പോൾ ലോകമെമ്പാടുമുള്ള മലയാളികൾ ദൈവത്തെ പാടി സ്തുതിച്ചത് അന്തോണി ഭാഗവതരുടെ ഈണത്തിലാണ്.

### *ഒരല്പം ചരിത്രം*

ക്രൈസ്തവ ഗാനശാഖകൾക്ക് ഭക്തിയുടെയും ശാസ്ത്രീയ സംഗീതത്തിന്റെയും ചിറകുകൾ പിടിപ്പിച്ച കർണ്ണാടക - ഹിന്ദുസ്ഥാനി സംഗീത വിദഗ്ധനാണ് ശ്രീ. കെ.കെ. ആന്റണി മാസ്റ്റർ - വെളയനാട്ടുകാരുടെ പ്രിയപ്പെട്ട കാനംകുടം അന്തോണി ഭാഗവതർ. കൊച്ചിൻ കലാഭവനിൽ 18 വർഷം ആബേൽ അച്ചനോടൊപ്പം മ്യൂസിക് ഡയറക്ടറായി സേവനം അനുഷ്ഠിച്ച അദ്ദേഹം, സിലോൺ റേഡിയോ ആർട്ടിസ്റ്റായും, മലേഷ്യൻ ടെലിവിഷനിൽ സംഗീതാദ്ധ്യാപകനായും, തമിഴ് നാടക സംഘങ്ങളിൽ ഗായകനായും ഹാർമ്മോണിസ്റ്റായും പ്രവർത്തിച്ചിട്ടുണ്ട്. "ശൈവ മങ്കയർ തിലകം" സംഗീത അക്കാദമിയിൽ അദ്ധ്യാപകനായിരുന്ന അദ്ദേഹത്തിന്റെ ധാരാളം കച്ചേരികൾ സിലോൺ പ്രക്ഷേപണ നിലയത്തിൽനിന്ന് പുറത്തുവന്നിട്ടുണ്ട്. തമിഴ് കവയിത്രി പുനതത്തിന്റെ കീർത്തന സമാഹാരത്തിന് ഈണം നല്കിയിട്ടുള്ളത് അന്തോണി ഭാഗവതരാണ്. കനകാംഗി, രത്നാംഗി, ഗാമൂർത്തി തുടങ്ങിയ അപൂർവ്വ രാഗങ്ങൾ അദ്ദേഹം വിജയകരമായി ഉപയോഗിച്ചിട്ടുണ്ട്. 1982 - ൽ ചാവറ അവാർഡിന് അർഹനായിട്ടുണ്ടെങ്കിലും, അദ്ദേഹത്തിന് വേണ്ടത്ര അംഗീകാരം കിട്ടാതെ പോയത് കാലഘട്ടത്തിന്റെ പ്രത്യേകത കൊണ്ടായിരിക്കണം!

പത്മശ്രീ യേശുദാസ്, എസ്. ജാനകി, ജോളി അബ്രഹാം, സുജാത, എം.ജെ. സെബാസ്റ്റ്യൻ, ജെൻസി, ബേണി (സിനിമാ സംഗീത സംവിധായകൻ) തുടങ്ങിയ പ്രഗത്ഭ വ്യക്തികൾക്ക് അദ്ദേഹം സംഗീതം പാടി കൊടുത്തിട്ടുണ്ട്. അദ്ദേഹം സംഗീത സംവിധാനം നിർവ്വഹിച്ച കുഞ്ഞിക്കൈകൾ, ബാല്യപ്രതിജ്ഞ തുടങ്ങിയ ചലച്ചിത്രങ്ങളും ഇത്തരുണത്തിൽ ഓർത്തു പോകുന്നു.

ഇരിങ്ങാലക്കുട രൂപതയിലെ ചരിത്ര പ്രസിദ്ധമായ വെളയനാട് സെന്റ് മേരീസ് ഇടവകയിലെ കാനംകുടം കുഞ്ഞുവറീതിന്റെയും മറിയത്തിന്റെയും മകനായി 1924 ഏപ്രിൽ 27 - ാം തിയ്യതി ജനിച്ച അദ്ദേഹം, 1987 മാർച്ച് 16 - ാം തിയ്യതി നമ്മിൽനിന്ന് ആകസ്മികമായി വേർപിരിഞ്ഞിട്ട് 25 വർഷങ്ങൾ തികയുന്നു. തദവസരത്തിൽ ക്രിസ്റ്റ്യൻ മ്യൂസിക്കോളജിക്കൽ സൊസൈറ്റി ഓഫ് ഇന്ത്യയുടെയും, കൊച്ചിൻ കലാഭവന്റെയും, തൃശ്ശൂർ ചേതന മ്യൂസിക് അക്കാദമിയുടെയും, വെളയനാട് സെന്റ് മേരീസ് ഇടവകയുടെയും ആഭിമുഖ്യത്തിൽ 2012 ജൂലൈ 21 ശനിയാഴ്ച വെളയനാട് സെന്റ് മേരീസ് ദേവാലയാങ്കണത്തിൽ നടത്തുന്ന സംഘഗാന മത്സരത്തിലേയ്ക്കും, അനുസ്മരണ യോഗത്തിലേയ്ക്കും, സംഗീത - ദൃശ്യാവിഷ്കാരത്തിലേയ്ക്കും, അനുസ്മരണ ബലിയിലേയ്ക്കും (തള്ളപ്പള്ളിയിൽ), കബറിടത്തിലെ പുഷ്പാർച്ചനയിലേയ്ക്കും ഏവരുടെയും സാന്നിദ്ധ്യ സഹായ സഹകരണങ്ങൾ സാദരം ക്ഷണിച്ചുകൊള്ളുന്നു.

ആഘോഷക്കമ്മിറ്റിക്കുവേണ്ടി,

**ഫാ. ജോസഫ് പാലയ്ക്കൽ CMI**
*(ഡയറക്ടർ, ക്രിസ്റ്റ്യൻ മ്യൂസിക്കോളജിക്കൽ സൊസൈറ്റി ഓഫ് ഇന്ത്യ)*
ചെയർമാൻ

**റവ.ഡോ. പോൾ പൂവ്വത്തിങ്കൽ CMI**
*(ഡയറക്ടർ, ചേതന മ്യൂസിക് കോളേജ്, തൃശൂർ)*
വൈസ് ചെയർമാൻ

**ഫാ. ബെന്നി അരിമ്പുള്ളി**
വികാരി

**ജെയിംസ് കുളത്തുങ്കൽ**
*(പ്രസിഡന്റ്, കൊച്ചിൻ കലാഭവൻ)*
വൈസ് ചെയർമാൻ

**ജോസ് പാറയിൽ, ജോയ് കാനംകുടം & ഫ്രാൻസിസ് പെരുമ്പിള്ളി**
കൈക്കാരന്മാർ

**പ്രൊഫ. എൻ.എൽ.ജോൺസൺ**
കൺവീനർ

**ജോൺസൺ കാഞ്ഞിരപ്പറമ്പിൽ**
**ജേക്കബ് പുല്ലൂക്കര**
ജോ. കൺവീനർമാർ






# കാര്യപരിപാടികൾ

| | | |
|---|---|---|
| 2.00 p.m | : | **സംഘഗാന മത്സരം** |
| 5.00 p.m | : | **സമൂഹബലി** (തള്ളപ്പള്ളിയിൽ) |
| | : | **കല്ലറയിൽ പുഷ്പാർച്ചന** |
| | : | **സ്നേഹവിരുന്ന്** |
| 6.30 p.m | : | **അനുസ്മരണ സമ്മേളനം** |
| രംഗപൂജ | : | **ചർച്ച് ക്വൊയർ** |
| സ്വാഗതം | : | **ഫാ. ബെന്നി അരിമ്പുള്ളി** |
| ഉദ്ഘാടനം | : | **ശ്രീ. ബേണി** (ബേണി - ഇഗ്നേഷ്യസ് ഫെയിം)<br>*ചലച്ചിത്ര സംഗീത സംവിധായകൻ* |
| അദ്ധ്യക്ഷൻ | : | **മാർ പോളി കണ്ണൂക്കാടൻ** |
| ഫോട്ടോ അനാഛാദനം | : | **മാർ ജെയിംസ് പഴയാറ്റിൽ** |
| സംഗീതാർച്ചന | : | **ഫാ. ജോൺ ഇടപ്പിള്ളി CMI**<br>**ഫാ. ജോണി മേനാച്ചേരി**<br>**ശ്രീ. വർഗ്ഗീസ് ആന്റണി കാനംകുടം**<br>**ശ്രീ. സെബി മാളിയേക്കൽ** (സബ് എഡിറ്റർ ദീപിക)<br>**ശ്രീ. ജോജി തോമസ് & ശ്രീമതി ബൈജി ജോജി**<br>*ഫിലിം ഡബ്ബിങ്ങ് ആർട്ടിസ്റ്റ്, കൈരളി - സൂര്യ - ഇന്ത്യാവിഷൻ ഫെയിം* |
| സമ്മാനവിതരണം | : | |
| 7.30 p.m | : | ***ഹാസ്യവിരുന്ന്***<br>**ശ്രീ. കലാഭവൻ ജോഷി & ടീം** |
| 8.00 p.m | : | **സംഗീത വിരുന്ന്**<br>**കൊച്ചിൻ കലാഭവൻ** |


Mailing Address: Fr. Benny Arimbully, Vicar, St. Mary's Church, Velayanad, P.O. Vellangallur, Thrissur Dt., Kerala - 680 662. Mob: 9495854619